**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3254** **15-02-2024 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ രാജപാതയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലുവ-മൂന്നാർ രാജപാതയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനായി മലയാറ്റൂർ, മൂന്നാർ, മാങ്കുളം എന്നീ ഫോറസ്റ്റ് ഡിവിഷനുകളെ സമീപിച്ചപ്പോൾ ഓൾഡ് ആലുവ മൂന്നാർ (രാജപാത) നിർമ്മാണത്തിനായി പരാമർശിച്ചിരിക്കുന്ന സ്ഥലം 1985 ലെ റിസർവ്വ് നോട്ടിഫിക്കേഷൻ പ്രകാരം മലയാറ്റൂർ ഇടിയറ നോട്ടിഫൈഡ് റിസർവ് വനത്തിന്റെ ഭാഗമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണെന്നും അനധികൃത പ്രവേശനം, കയ്യേറ്റം, വനനശീകരണം എന്നിവ തടഞ്ഞ് കേരള വന നിയമം 1961, ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980, മറ്റ് വനനിയമങ്ങൾ എന്നിവ പ്രകാരം സംരക്ഷിച്ച് പരിപാലിച്ച് വരുന്ന റിസർവ്വ് വനത്തിനുള്ളിലാണെന്നും കൂടാതെ റിസർവ്വ് നോട്ടിഫിക്കേഷനിൽ മേൽ പറഞ്ഞ റോഡിനെക്കുറിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ലെന്നും പൊതുമരാമത്തു വകുപ്പിന്റെ ആവശ്യ പ്രകാരം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനുവദിച്ചാൽ സസ്യ ജന്തുജാലങ്ങളുടെ നാശത്തിനിടയാവുകയും ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിക്കുകയും ചെയ്യുമെന്നും ഇത് സംബന്ധിച്ച് WP(C)No. 25663/2020 നമ്പർ കേസ് നിലവിൽ തീർപ്പാക്കാതെ കോടതിയുടെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ സംരക്ഷിത വനത്തിന്റെ ആവാസ വ്യവസ്ഥയെ ബാധിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നത് പരിഗണിക്കാനാവില്ല എന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ | (ബി) | ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനായി മലയാറ്റൂർ, മൂന്നാർ, മാങ്കുളം എന്നീ ഫോറസ്റ്റ് ഡിവിഷനുകളെ സമീപിച്ചപ്പോൾ |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | ഓൾഡ് ആലുവ മൂന്നാർ (രാജപാത) നിർമ്മാണത്തിനായി പരാമർശിച്ചിരിക്കുന്ന സ്ഥലം 1985 ലെ റിസർവ്വ് നോട്ടിഫിക്കേഷൻ പ്രകാരം മലയാറ്റൂർ ഇടിയറ നോട്ടിഫൈഡ് റിസർവ് വനത്തിന്റെ ഭാഗമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണെന്നും അനധികൃത പ്രവേശനം, കയ്യേറ്റം, വനനശീകരണം എന്നിവ തടഞ്ഞ് കേരള വന നിയമം 1961, ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980, മറ്റ് വനനിയമങ്ങൾ എന്നിവ പ്രകാരം സംരക്ഷിച്ച് പരിപാലിച്ച് വരുന്ന റിസർവ്വ് വനത്തിനുള്ളിലാണെന്നും കൂടാതെ റിസർവ്വ് നോട്ടിഫിക്കേഷനിൽ മേൽ പറഞ്ഞ റോഡിനെക്കുറിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ലെന്നും പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യ പ്രകാരം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനുവദിച്ചാൽ സസ്യ ജന്തുജാലങ്ങളുടെ നാശത്തിനിടയാവുകയും ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിക്കുകയും ചെയ്യുമെന്നും ഇത് സംബന്ധിച്ച് WP(C)No. 25663/2020 നമ്പർ കേസ് നിലവിൽ തീർപ്പാക്കാതെ കോടതിയുടെ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ സംരക്ഷിത വനത്തിന്റെ ആവാസ വ്യവസ്ഥയെ ബാധിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നത് പരിഗണിക്കാനാവില്ല എന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ